**Kerala Prisons & Correctional Services Department**

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 12-02-2018

**<u>സർക്കുലർ നം 7/2018</u>**

വിഷയം :-ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം- ജനറൽ സെക്ഷൻ- ജയിൽ പരിഷ്കരണ കമ്മിഷൻറെ ശുപാർശകൾ നടപ്പിലാക്കുന്നത്- അടിയന്തിര നടപടി സ്വീകരിക്കുന്നതിന് - നിർദേശം നൽകുന്നത് - സംബന്ധിച്ച്:-

സൂചന :- 27/12/2017 തീയതിയിലെ സർക്കാരിൽ നിന്നുമുള്ള ബി1/23/2017/ആഭ്യന്തരം നമ്പർ കത്ത്.

ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് (റിട്ട.) അദ്ധ്യക്ഷനായ ഏകാംഗ ജയിൽ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സാമ്പത്തിക ബാധ്യതയില്ലാതെ നടപ്പിലാക്കാൻ പറ്റുന്ന 21 ശിപാർശകൾ സർക്കാർ അംഗീകരിച്ചതായും ടി ശിപാർശകൾ നടപ്പിലാക്കുന്നതിന് ജയിൽ വകുപ്പ് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സൂചന കത്തു പ്രകാരം സർക്കാർ നിർദേശിച്ചിരിക്കുന്നു. ***തടവുകാരുടെ കലാസൃഷ്ടികൾ, ഇവർ നിർമ്മിക്കുന്ന കരകൌശല ഉത്പന്നങ്ങൾ, ഭക്ഷ്യോല്പന്നങ്ങൾ, ഫർണീച്ചറുകൾ, തുണിത്തരങ്ങൾ, തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും അവ വിറ്റഴിക്കുന്നതിനും എല്ലാ പ്രധാന നഗരങ്ങളിലും എക്സിബിഷനുകൾ നടത്തുന്നതിനും, തടവുകാരുടെ സാഹിത്യ സൃഷ്ടികൾ, കലാസൃഷ്ടികൾ എന്നിവ ഉള്ളടക്കം പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം ദൃശ്യാ പത്ര മാധ്യമങ്ങളിലൂടെ പൊതു സമൂഹത്തിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുക*** എന്നതു് അംഗീകരിച്ച ശുപാർശകളിൽ ഒന്നാണ്.

മേൽ ശുപാർശ നടപ്പിലാക്കുന്നതിന് എല്ലാ ജയിൽ സ്ഥാപനമേധാവികളും സാധ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചില ജയിലുകളിൽ സൂപ്രണ്ടുമാർ മുൻകൈ എടുത്ത് ജയിലങ്കണം ചെടികൾ വെച്ചു പിടിപ്പിച്ചും, ജയിൽ മതിലുകൾ തടവുകാരുടെ തന്നെ സേവനം പ്രയോജനപ്പെടുത്തി ചിത്രങ്ങൾ വരച്ചും സുന്ദരമാക്കിയിട്ടുണ്ട്. അടുത്തകാലത്ത് സെൻട്രൽ ജയിലുകളിലും, തിരുവനന്തപുരം സിക്കയിലും ഓഫീസ് അങ്കണം ഇപ്രകാരം മോടി പിടിപ്പിച്ചതു് എല്ലാവരുടേയും പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. അതുപോലെ തടവുകാരുടെ കലാ സാഹിത്യ കഴിവുകളെ പ്രോൽസാഹിപ്പിക്കുന്നതിന് ചില ജയിലുകളിൽ തടവുകാരുടെ മ്യൂസിക് ബാൻറ് ആരംഭിച്ചതും, സാംസ്കാരിക വിഭാഗം രൂപീകരിച്ചതും, തടവുകാർ തന്നെ ഡോക്യുമെൻററി നിർമ്മിച്ചതും, അന്തേവാസി എഴുതിയ കഥകളുടെ സമാഹാരം പ്രകാശനം നടത്തിയതും പോലുള്ള ഉദ്യോഗസ്ഥരുടെ മാതൃകാപരമായ പ്രവർത്തനങ്ങളെ ജയിൽ വകുപ്പ് അഭിമാനത്തോടെ വീക്ഷിക്കുന്നു.

ആയതിനാൽ ഓരോ ജയിലിൻറേയും സാധ്യതകൾ കണ്ടറിഞ്ഞ് ലഭ്യമായ റിസോഴ്സസ് ഉപയോഗപ്പെടുത്തി മേൽപ്പറഞ്ഞ ശുപാർശ നടപ്പിലാക്കുന്നതിന് എല്ലാ ജയിൽ സൂപ്രണ്ടുമാരും ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്.മേഖലാ ഡി.ഐ.ജി മാർ ഇക്കാര്യത്തിൽ ജയിൽസൂപ്രണ്ടുമാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും അവരുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. മേഖലാ ഡി.ഐ.ജി മാരും, റീജിയണൽ വെൽഫെയർ ഓഫീസർമാരും അവരുടെ ജയിൽ സന്ദർശന വേളകളിൽ ഇക്കാര്യം വിലയിരുത്തി അവരുടെ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ജയിൽ സൂപ്രണ്ടുമാർ ടി ശുപാർശ നടപ്പിലാക്കുന്നതിനുവേണ്ടി കൈക്കൊണ്ട നടപടികളെക്കുറിച്ച് 2018 മാർച്ച് 25-നു മുമ്പായി റിപ്പോർട്ട് ജയിലാസ്ഥാനകാര്യാലയത്തിൽ അയക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : എെ.ജി ഒാഫ് പ്രിസൺസ്/ ചീഫ് വെൽഫെയർഒാഫീസർ
മേഖലാ ഡി.എെ.ജി മാർ/റീജിയണൽ വെൽഫെയർഒാഫീസർമാർ
സി. എ ടു ഡി.ജി.പി

G2-2488/2018/PrHQ

573afe